# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **13-02-2025 - ൽ മറുപടിയ്ക്ക്**

## പാണാവള്ളി കൃഷിഭവൻ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിന് എം.എൽ.എ. ആസ്ഥി വികസന ഫണ്ടിൽ നിന്നും പണം അനുവദിച്ചെങ്കിലും പ്രസ്തുത പ്രവൃത്തി കാലങ്ങളായി നീണ്ടു പോകുന്നതിന്റെ കാരണം വിശദമാക്കാമോ? | (എ) | കൃഷി വകുപ്പിന്റെ 4401-00-001-98 (നോൺ പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തി, അരൂർ നിയോജക മണ്ഡലത്തിന്റെ 2016-17ലെ ആസ്തി വികസന ഫണ്ടിൽ നിന്നും 33.50 ലക്ഷം രൂപ വിനിയോഗിച്ച് പാണാവള്ളി കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. 2023-24 വർഷത്തിൽ ടി ശീർഷകത്തിൽ ലഭ്യമായിരുന്ന 7.15 ലക്ഷം രൂപയും അധിക ധനാനുമതിയായി ലഭിച്ച 26.35 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 33.50 ലക്ഷം രൂപ കെട്ടിടം പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുമതി നൽകുകയും ചെയ്തു. എന്നാൽ ട്രഷറി നിയന്ത്രണംമൂലം തുക മാറാൻ കഴിഞ്ഞിരുന്നില്ലായെന്നും 2024-25 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ 33.50 ലക്ഷം രൂപ സർക്കാരിൽ നിന്ന് അധിക ധനാനുമതിയായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ